**പതിനഞ്ചാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**2024 ഒക്ടോബർ 14 – ന് സഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം**

1995 - ലെ വഖഫ് ആക്ട് (1995 - ലെ 43 - ാം നമ്പർ കേന്ദ്ര ആക്ട്) ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെടുകയും ആയത് ജോയിന്റ് പാർലമെന്ററി കമ്മിറ്റിക്ക് (ജെ.പി.സി) സമർപ്പിക്കുകയും, പ്രസ്തുത ബിൽ സംബന്ധിച്ച് ജോയിന്റ് പാർലമെന്ററി കമ്മിറ്റി, വിവിധ സ്റ്റേക് ഹോൾഡർമാർ, സംസ്ഥാന വഖഫ് ബോർഡുകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും അഭിപ്രായങ്ങൾ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതിനാലും;

1995 - ലെ മേൽ പരാമർശ ആക്ടിന്റെയും പ്രസ്തുത ആക്ടിന് നാളിതുവരെ വന്നിട്ടുള്ള ഭേദഗതികളുടെയും അടിസ്ഥാനത്തിൽ മതപരമോ ജീവകാരുണ്യമോ ആയി കണക്കാക്കുന്ന ആവശ്യങ്ങൾക്കായി ജംഗമമോ സ്ഥാവരമോ ആയ സ്വത്തുക്കളുടെയും വസ്തുക്കളുടെയും കാവലാൾ എന്ന നിലയിലാണ് സംസ്ഥാന വഖഫ് ബോർഡും സംസ്ഥാന വഖഫ് വകുപ്പും പ്രവർത്തിച്ചു വരുന്നത് എന്നതിനാലും; ഭാരതത്തിന്റെ ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് III സമവർത്തി ലിസ്റ്റിൽ ഉൾപ്പെട്ട എൻട്രി 28 -ലെ ധർമ്മവും ധർമ്മ സ്ഥാപനങ്ങളും ധർമ്മപരവും മതപരവുമായ ധനനിക്ഷേപങ്ങളും മത സ്ഥാപനങ്ങളും (Charities and Charitable Institutions, Charitable and Religious Endowments and Religious Institutions) എന്ന ഉൾക്കുറിപ്പിലെ നിയമനിർമ്മാണ അധികാരം ഉപയോഗിച്ചുകൊണ്ടാണ് ഈ നിയമം പാസ്സാക്കിയിട്ടുള്ളത് എന്നതിനാലും;

കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് ഒരു പോലെ നിയമ നിർമ്മാണാധികാരമുള്ള ഒരു വിഷയമാണ് വഖഫ് എന്നതിനാലും;

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 26 മൗലികാവകാശം ഭരണഘടനയുടെ അടിസ്ഥാനതത്വമായതിനാൽ അത് പ്രകാരമുള്ള അവകാശങ്ങളിൽപ്പെടുന്ന വഖഫ് എന്റോവ്മെന്റുകളെയും വഖഫ് സ്ഥാപനങ്ങളെയും സംരക്ഷിക്കുന്ന രൂപത്തിൽ അതിന്റെ സ്വാതന്ത്ര്യം അതത് മതവിഭാഗങ്ങൾക്ക് ഉറപ്പു വരുത്തുന്നതിനും

വേണ്ടിയാണ് 1954 – ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കുകയും പിന്നീട് 1995 – ൽ സമഗ്രമായി പരിഷ്കരിക്കുകയും ചെയ്ത ശക്തമായ നിയമമായാണ് നിലവിലുള്ള വഖഫ് നിയമം നിലനിൽക്കുന്നത് എന്നതിനാലും;

നിലവിൽ ഭേദഗതി ബില്ലിൽ മുന്നോട്ട് വെച്ചിട്ടുള്ള വ്യവസ്ഥകൾ വഖഫുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരുകൾക്കുള്ള നിരവധി അധികാരങ്ങൾ കവർന്നെടുക്കുന്ന തരത്തിലുള്ളതും ഭരണഘടനയുടെ ഫെഡറൽ തത്വങ്ങൾക്ക് എതിരായതും വഖഫിന്റെ മേൽനോട്ടത്തിനു ചുമതലയുള്ള ബോർഡുകളുടെയും വഖഫ് ട്രൈബ്യൂണലിന്റെയും പ്രവർത്തനം, അധികാരം എന്നിവ ദുർബലപ്പെടുത്തുന്നതും ഇല്ലാതാക്കുന്നതും ഭരണഘടന മുന്നോട്ട് വയ്ക്കുന്ന മതേതര കാഴ്ചപ്പാടുകൾ ലംഘിക്കുന്നതരത്തിലുള്ളതും ആകയാലും;

നിയമ ഭേദഗതി മൂലം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഒഴിവാക്കി നോമിനേറ്റഡ് അംഗങ്ങളും നോമിനേറ്റ് ചെയ്യുന്ന ചെയർമാനും മാത്രമുള്ള ബോർഡ് വരുമെന്നത് ജനാധിപത്യ വ്യവസ്ഥയ്ക്ക് പൂർണ്ണമായും എതിരാവും എന്നതിനാലും;

സമാനമായ നിലയിൽ ഭേദഗതി നിയമത്തിലെ മറ്റ് വ്യവസ്ഥകൾ പലതും വഖഫ് തത്വങ്ങൾക്ക് നിരക്കാത്തതിനാലും;

ഭരണഘടന അനുവദിക്കുന്ന മൗലികാവകാശങ്ങൾ, വിശ്വാസത്തിനുള്ള സ്വാതന്ത്ര്യം, ഫെഡറലിസം, മതനിരപേക്ഷത, ജനാധിപത്യം, പൗരാവകാശം എന്നിവയിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയും സാധ്യമല്ലാത്തതിനാലും;

ഇപ്പോൾ, അതിനാൽ, ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ ലംഘിക്കുന്ന വ്യവസ്ഥകളോടെയുള്ള 2024 - ലെ വഖഫ് (ഭേദഗതി) ബിൽ പിൻവലിക്കണമെന്ന് ഈ സഭ ഐകകണ്ഠേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

**ഡോ. എൻ. കൃഷ്ണ കുമാർ,**
**സെക്രട്ടറി.**